അഭിമുഖം



# ‘സിംഗപ്പൂർ ഇസ്‌ലാമിക ഫൈനാൻസിന്റെ മുഖ്യ കേന്ദ്രങ്ങളിലൊന്നാവും’

**മോണിറ്ററി അതോറിറ്റി ഓഫ് സിംഗപ്പൂർ (മാസ്) മാനേജിംഗ് ഡയറക്ടർ ഹെങ് സ്വീ കീറ്റുമായി *ഇസ്‌ലാമിക് ഫൈനാൻസ് ഏഷ്യ* നടത്തിയ അഭിമുഖം**

*ഇസ്‌ലാമിക് ഫൈനാൻസിൽ സിംഗപ്പൂരിന്റെ സ്ഥാനം?*

വിവിധ ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും നേരത്തെ തന്നെ സിംഗപ്പൂരിൽ ഇസ്‌ലാമിക് ഫൈനാൻസ് സേവനങ്ങൾ നൽകിവരുന്നുണ്ട്. സാധാരണ നിക്ഷേപകരെയും സമ്പന്നരെയും കേന്ദ്രീകരിച്ചാണിത്. വൻകിട സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് വലിയ മുന്നേറ്റം തന്നെ നടക്കുന്നു. ഉദാഹരണത്തിന് ഇരുപതോളം ശരീഅത്ത് നിയമപ്രകാരമുള്ള ഇക്വിറ്റി, കമോഡിറ്റി, റിയൽ എസ്റ്റേറ്റ് ഫണ്ടുകൾ ഇവിടെ സ്ഥാപിതമായിട്ടുണ്ട്. അതുകൊണ്ടുതന്നെ വൈവിധ്യമാർന്ന ഇസ്‌ലാമിക് ഫൈനാൻസ് സേവനങ്ങൾ നൽകാൻ കഴിയുന്നു. ഇവിടത്തെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ശരീഅത്ത് ഇൻഡക്സും നിലവിൽവന്നിട്ടുണ്ട്. കൂടാതെ തങ്ങളുടെ പ്രവർത്തനത്തിന് നിക്ഷേപം സ്വരൂപിക്കാൻ സുഖൂഖ് (Islamic Bond)നെ ആശ്രയിക്കാൻ പല സ്വകാര്യ കമ്പനികളും താൽപര്യം കാണിക്കുന്നു. ഇവിടത്തെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ സിറ്റി ഡവലപ്മെന്റ്സ് ഒരു ബില്യൻ ഡോളറിന്റെ സുഖൂഖ് പുറത്തിറക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

*സിംഗപ്പൂരിൽ ഇസ്‌ലാമിക് ഫൈനാൻസ് വളരുന്നതിനാവശ്യമായ സൗകര്യങ്ങൾ ഗവൺമെന്റ് ഒരുക്കിക്കൊടുക്കുന്നുണ്ടോ?*

‘മാസി’ന്റെ കർശന നിയമങ്ങളും നിയന്ത്രണങ്ങളും മറ്റു സാമ്പത്തിക മേഖലയെപോലെ ഇസ്‌ലാമിക് ഫൈനാൻസിനും ബാധകമാണ്. അതോടൊപ്പം മുഖ്യധാരാ സാമ്പത്തിക മേഖലക്ക് ലഭിക്കുന്ന നിയമപരവും നികുതിയിനത്തിലുള്ളതുമായ എല്ലാ ഇളവുകളും ഇസ്‌ലാമിക് ഫൈനാൻസ് മേഖലക്കും ലഭിക്കാൻ വേണ്ട നിയമനിർമാണങ്ങൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഈ മേഖലയിൽ പരിശീലനം ലഭിച്ചവരെ വളർത്തിയെടുക്കാനും ‘മാസ്’ സഹായം ചെയ്യുന്നു. ഇസ്‌ലാമിക് ഫൈനാൻസ് കോഴ്സുകൾ ചെയ്യാനും പരിശീലനത്തിന് ഉദ്യോഗാർഥികളെ അയക്കാനും സാമ്പത്തിക സ്ഥാപനങ്ങൾക്ക് മാസ് ധനസഹായം ചെയ്യുന്നു.

*വിദേശ ഇസ്‌ലാമിക് ഫൈനാൻസ് സ്ഥാപനങ്ങളെ സിംഗപ്പൂരിലേക്ക് ആകർഷിക്കാൻ എന്തൊക്കെ ചെയ്യുന്നു?*

ഇസ്‌ലാമിക് ഫൈനാൻസിന് സുഗമമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിന് പുറമെ, ലോകത്തെ കിടയറ്റ സാമ്പത്തിക കേന്ദ്രം എന്നുള്ള സിംഗപ്പൂരിന്റെ കീർത്തി ഇസ്‌ലാമിക് സാമ്പത്തിക സ്ഥാപനങ്ങളെ ഇവിടേക്ക് ആകർഷിക്കുന്ന പ്രധാന ഘടകമാണ്. ലോകത്തെ എല്ലാ വൻകിട ഫൈനാൻസ് സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നതുകൊണ്ട് ഇസ്‌ലാമിക് ഫൈനാൻസിന് വളരാൻ അനുയോജ്യമായ കേന്ദ്രം തന്നെയാണ് സിംഗപ്പൂർ.

*ആഗോള സാമ്പത്തിക പ്രതിസന്ധിക്കിടയിൽ ഇസ്‌ലാമിക് ഫൈനാൻസിന് സിംഗപ്പൂരിൽ നിർവഹിക്കാനുള്ള ദൗത്യം എന്താണ്?*

ഒരു ബദൽ സാമ്പത്തിക വ്യവസ്ഥ എന്ന നിലക്ക് വളർന്നുകൊണ്ടിരിക്കുന്ന മേഖലയായതുകൊണ്ട്, ഈ പ്രതിസന്ധിഘട്ടത്തിൽ ഇസ്‌ലാമിക് ഫൈനാൻസിന്റെ സാന്നിധ്യം വളരെ പ്രയോജനപ്രദമാണ്. സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമ്പോൾ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥക്കും അതിന്റെ കെടുതിയിൽനിന്ന് പൂർണമായി രക്ഷപ്പെടാൻ കഴിയില്ല. ക്രമാതീതമായ വളർച്ചയിൽ ശ്രദ്ധയൂന്നിയ മുഖ്യധാരാ സാമ്പത്തികമേഖല വരുത്തിയ തെറ്റുകൾ വളർന്നുവരുന്ന ഇസ്‌ലാമിക് ഫൈനാൻസ് മേഖലയെയും ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ■